## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *413 — 26.06.2014 ൽ മറുപടിക്ക്

# ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, ഹൈബി ഈഡൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാനത്ത് ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട് . കോഴിക്കോട്, എറണാകുളം ജില്ലകളിൽ പത്ത് വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്നു. കൊല്ലം ജില്ല-യിൽ 2013-ൽ പ്രവർത്തനം ആരംഭി-ച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ടാങ്കർ ലോറിയിൽ കൈമാറ്റം ചെയ്യപ്പെടുന്ന ഇന്ധനങ്ങളുടെ അളവിൽ കൃത്യത ഉറപ്പുവരുത്തുകയാണ് ലക്ഷ്യം ഇതിനായി ടാങ്കർ ലോറിയിലെ ഓരോ കംപാർട്ട്മെന്റിന്റെയും അളവ് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി വകുപ്പ് സർട്ടിഫൈ ചെയ്ത് നൽകുന്നു. |
| (സി) ടാങ്കർ ലോറികളിൽ കൊണ്ടുവരുന്ന ഇന്ധനത്തിന്റെ അളവിലെ കൃത്യതയും പരിശോധനയും കണ്ടെത്താൻ എന്തെല്ലാം കാര്യങ്ങളാണ് യൂണിറ്റുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) മുൻകൂറായി കാലിബ്രേറ്റ് ചെയ്ത പ്രൂവിംഗ് മെഷറുകളിൽ വെള്ളം നിറച്ച് അതിൽ നിന്നും ടാങ്കർ ലോറികളിൽ നിറച്ച് കൃത്യത ഉറപ്പു വരുത്തുകയാണ് ചെയ്യുന്നത്. ഇതിനായി ആവശ്യമായ വാട്ടർ ടാങ്കുകൾ, പമ്പ്സെറ്റ്, പൈപ്പ്ലൈനുകൾ, മറ്റ് ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തിയിരിക്കുന്നു. |
| (ഡി) സംസ്ഥാനത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) പരിശോധിച്ചു വരുന്നു. നിലവിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഒരു ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുന്ന ഹെഡ് ക്വാർട്ടർ കോംപ്ലക്സിനോടനുബന്ധിച്ച് ഒരു വെഹിക്കിൾ ടാങ്ക് കാലിബ്രേഷൻ യൂണിറ്റ് കൂടി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ